പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1923 **26-10-2026-ൽ മറുപടിയ്ക്ക്**

മരണപ്പെട്ട ഡോ. ദിലീപ് കുമാർ. എസ്-ന്റെ സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ്, ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം ക്ലെയിമുകളിലെ കാലതാമസം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. ജെ. വിനോദ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) 18/10/2023-ൽ മരണപ്പെട്ട എറണാകുളം സ്വദേശിയും ആലപ്പുഴ കണ്ടല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജനുമായിരുന്ന ഡോ. ദിലീപ് കുമാർ എസ്. (പെൻ നമ്പർ-586176)-ന്റെ സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് (എസ്.എൽ.ഐ.), ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം (ജി.ഐ.എസ്.) ക്ലെയിമുകൾ ഇതുവരെയും തീർപ്പാക്കി അവകാശികൾക്ക് തുക കൈമാറിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ആലപ്പുഴ കണ്ടലൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജനായിരുന്ന ഡോ. ദിലീപ് കുമാർ എസ് -ന്റെ എസ്. എൽ. ഐ ക്ലെയിം 16/10/2026 തീയതിയിൽ അപ്രൂവ് ആയിട്ടുണ്ട്. ഡിസ്ചാർജ് വൗച്ചർ 22/10/2026 തീയതിയിൽ ഇ-മെയിൽ മുഖാന്തിരം അയച്ചിട്ടുണ്ട്. ഗ്രൂപ്പ് ഇൻഷുറൻസ് ക്ലെയിം അപേക്ഷയിൽ അപാകതകൾ ഉണ്ടായിരുന്നതിനാൽ ക്ലെയിം തീർപ്പാക്കുവാൻ സാധിച്ചിട്ടില്ല.

(ബി) തുക മാറി നൽകുന്നതിൽ കാലതാമസം ഉണ്ടാകാൻ ഇടയായ സാഹചര്യം എന്താണെന്ന് അറിയിക്കുമോ; ഏതെങ്കിലും ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണോ ഈ സാഹചര്യം ഉണ്ടായത് എന്ന് പരിശോധിച്ചിട്ടുണ്ടോ;

മറുപടി: എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷുറൻസ് ക്ലെയിം അപേക്ഷകളിൽ അപാകതകൾ ഉണ്ടായിരുന്നതിനാൽ അവകാശികൾക്ക് തുക കൈമാറാൻ സാധിച്ചിട്ടില്ല.

(സി) പ്രസ്തുത തുക അടിയന്തരമായി അവകാശികൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: എസ്.എൽ.ഐ ഡിസ്ചാർജ് വൗച്ചറും അനുബന്ധരേഖകളും ലഭ്യമാകുന്ന മുറക്ക് അവകാശികൾക്ക് ക്ലെയിം തുക വിതരണം ചെയ്യുന്നതാണ്. ഗ്രൂപ്പ് ഇൻഷുറൻസ് ക്ലെയിം അപേക്ഷയിൽ അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമായിട്ടുണ്ട്. ഭൗതിക പരിശോധനക്കു ശേഷം ക്ലെയിമിൽ അംഗീകാരം നൽകി ഡിസ്ചാർജ് വൗച്ചർ ബന്ധപ്പെട്ട ഓഫീസിലേക്ക് ഇ-മെയിൽ മുഖാന്തിരം അയക്കുന്നതാണ്. ആയത് തിരികെ ലഭ്യമാകുന്ന മുറക്ക് അവകാശികൾക്ക് ക്ലെയിം തുക വിതരണം ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ